പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2270 — 08.07.2015-ൽ മറുപടിക്ക്

**അനാവശ്യമായി ഹിസ്റ്ററിക്റ്റമി ചെയ്യുന്നത് സംബന്ധിച്ച പഠനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് : | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | ഇന്ത്യയിലെ ഗ്രാമീണ മേഖലകളിൽ ഗർഭാശയവും അണ്ഡാശയവും അനാവശ്യമായി നീക്കം ചെയ്യുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി നാഷണൽ ഫാമിലി ആന്റ് ഹെൽത്ത് സർവ്വേയിൽ വ്യക്തമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | 2011 -ന് ശേഷം ഫാമിലി ആന്റ് ഹെൽത്ത് സർവ്വേ റിപ്പോർട്ടുകൾ ഒന്നും തന്നെ പ്രസിദ്ധീകരിച്ചിട്ടില്ല. അതുകൊണ്ട് ഗർഭാശയവും അണ്ഡാശയവും അനാവശ്യമായി നീക്കം ചെയ്യുന്നത് സംബന്ധിച്ച് പുതിയ റിപ്പോർട്ടുകൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസവത്തിനുശേഷം ഗർഭപാത്രം നീക്കം ചെയ്യുന്ന ഹിസ്റ്ററെക്റ്റമിക് ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന സ്ത്രീകളുടെ എണ്ണം കേരളത്തിൽ എത്രയാണ് ; ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ? | (ബി) | ഇതു സംബന്ധമായ കണക്കുകൾ ആരോഗ്യ വകുപ്പ് ശേഖരിക്കുകയോ പ്രത്യേക പഠനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച പഠനം നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ